# DE-7/2022/4(Mal.)

ചോദ്യപുസ്തക അക്ഷര കോഡ് **A**

ചോദ്യപുസ്തക ക്രമനമ്പർ

| പേര് : | രജിസ്റ്റർ നമ്പർ : | ഒപ്പ് : |
|---|---|---|

## വകുപ്പുതല പരീക്ഷ — ജൂലൈ 2022

ചോദ്യങ്ങളുടെ ആകെ എണ്ണം: 100 സമയം : $1\frac{1}{2}$ മണിക്കൂർ

(പരമാവധി മാർക്ക് :100)

ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തകരൂപത്തിലാണ്. A, B, C, D എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യപുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷരകോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യപുസ്തകം വലത് മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യപുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യപുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യപുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യപുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്തുവാൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും (A), (B), (C), (D) എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും $^1/_3$ മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകുവാൻ പാടില്ല. രജിസ്റ്റർ നമ്പർ കോഡിംഗ് ഷീറ്റിലെ എല്ലാ എൻട്രികളും ഇൻവിജിലേറ്റർ പരിശോധിച്ചുവെന്നും, നൽകിയിരിക്കുന്ന സ്ഥലത്ത് ഇൻവിജിലേറ്ററുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഉദ്യോഗാർത്ഥി ഉറപ്പുവരുത്തണം.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ളശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.
14. **പരീക്ഷാ വേളയിൽ ഏതെങ്കിലും ഉദ്യോഗാർത്ഥികൾ ചോദ്യപേപ്പറിൽ ഉത്തരം അടയാളപ്പെടുത്തുകയും മറ്റ് ഉദ്യോഗാർത്ഥികളുമായി കൈമാറ്റം ചെയ്യുകയും ചെയ്താൽ, ഉത്തരസ്ക്രിപ്റ്റ് അസാധുവാകുകയും ഡിപ്പാർട്ട്മെന്റൽ ടെസ്റ്റുകളിൽ പങ്കെടുക്കുന്നതിൽ നിന്ന് ഉദ്യോഗാർത്ഥികളെ കുറഞ്ഞത് 2 വർഷത്തേക്ക് ഡീബാർ ചെയ്യുകയും ചെയ്യും.**

**A**

1. അവധി യാത്ര ആനുകൂല്യം താഴെ പറയുന്നവയിൽ ഏത് ശീർഷകത്തിൽ വരുന്നു?
   (A) ശമ്പളം
   (B) യാത്രാ ചെലവുകൾ
   (C) വഴിച്ചെലവ്ബത്ത
   (D) ഇതൊന്നുമല്ല

2. അറ്റകുറ്റപ്പണികളും മെച്ചപ്പെടുത്തലുകളുമായി ബന്ധപ്പെട്ട ചെലവുകളെ .......................... എന്ന് വിളിക്കുന്നു.
   (A) മൂലധന ചെലവുകൾ
   (B) റവന്യൂ ചെലവുകൾ
   (C) മാറ്റിവച്ച റവന്യൂ ചെലവുകൾ
   (D) ഇതൊന്നുമല്ല

3. പൊതുമരാമത്ത് വകുപ്പ് പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവ് രേഖപ്പെടുത്തുന്നതിന് ഇനിപ്പറയുന്ന ശീർഷകങ്ങളിൽ ഏതാണ് ഉപയോഗിക്കുന്നത്.
   (A) 2057 – പൊതുവർക്ക് ഇതര ചെലവുകൾ / 4059 പൊതു വർക്കിനുമേലുള്ള മൂലധന ചെലവുകൾ
   (B) 2058 – പൊതുവർക്ക് ഇതര ചെലവുകൾ / 4059 പൊതു വർക്കിനുമേലുള്ള മൂലധന ചെലവുകൾ
   (C) 2059 – പൊതുവർക്ക് ഇതര ചെലവുകൾ / 4059 പൊതു വർക്കിനുമേലുള്ള മൂലധന ചെലവുകൾ
   (D) 2060 – പൊതുവർക്ക് ഇതര ചെലവുകൾ / 4059 പൊതു വർക്കിനുമേലുള്ള മൂലധന ചെലവുകൾ

4. ഒരു സംസ്ഥാനത്തിന് വേണ്ടി, അതിന്റെ അധികാരപരിധിക്ക് പുറത്തുള്ള പണത്തിന്റെ വരവുകളും ചെലവുകളും സാധാരണയായി യഥാർത്ഥ ഇടപാട് നടക്കുന്ന സംസ്ഥാനത്തിന്റെ ............................... ക്രമീകരിക്കുന്നു.
   (A) ധനകാര്യ വകുപ്പ്
   (B) ട്രഷറി വകുപ്പ്
   (C) അക്കൗണ്ടന്റ് ജനറൽ
   (D) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

5. ഇനിപ്പറയുന്നവയിൽ ഒന്ന് സർക്കാർ അക്കൗണ്ടിന്റെ ഭാഗമല്ല:
   (A) റവന്യൂ അക്കൗണ്ട്
   (B) കണ്ടിൻജൻസി ഫണ്ട്
   (C) പബ്ലിക് അക്കൗണ്ട്
   (D) കൺസോളിഡേറ്റഡ് ഫണ്ട്

6. വാർഷിക പൊതു ധനകാര്യ പത്രിക തയ്യാറാക്കുന്നത് ആരാണ്?
   (A) ധനകാര്യ മന്ത്രാലയം
   (B) ചാർട്ടേർഡ് അക്കൗണ്ടന്റ്
   (C) കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ
   (D) സംസ്ഥാന ഓഡിറ്റ് വകുപ്പ്

7. സിവിൽ വകുപ്പിന്റെ ചെറിയ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമുള്ള ചെലവ് .............................. വിഭാഗത്തിൽപ്പെടുന്നു (ആയിരം രൂപയിൽ താഴെയുള്ളത്)?
   (A) മൂലധന ചെലവുകൾ
   (B) റവന്യൂ ചെലവുകൾ
   (C) ആകസ്മിക ചെലവുകൾ
   (D) ഇതൊന്നുമല്ല

8. അക്കൗണ്ടന്റ് ജനറൽ എഴുതിത്തള്ളുന്ന തുക ആർക്കാണ് റിപ്പോർട്ട് ചെയ്യുന്നത് ?
   (A) സംസ്ഥാന ഗവർണ്ണർ
   (B) കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ
   (C) ധനകാര്യ വകുപ്പ്
   (D) മന്ത്രിസഭ

9. അന്തർ വകുപ്പ് പെയ്മെന്റിന്റെ ഉദ്ദേശ്യത്തിനായി, ഗവൺമെന്റ് വകുപ്പിനെ ............................... ആയി വിഭജിച്ചിട്ടുണ്ട്?
   (A) രണ്ട്
   (B) മൂന്ന്
   (C) നാല്
   (D) അഞ്ച്

10. ഓഫീസ് കോഡുകളും മാന്വലുകളും മറ്റ് പ്രമാണങ്ങളും അച്ചടിക്കുന്നതിനുള്ള ചെലവ് ഏത് വിശദമായ സ്റ്റാൻഡേർഡ് ശീർഷകത്തിന് കീഴിലാണ് വരുന്നത് ?

(A) ഓഫീസ് ചെലവുകൾ
(B) അച്ചടി ചെലവുകൾ
(C) പ്രസിദ്ധീകരണങ്ങൾ
(D) മറ്റു ചാർജുകൾ

11. പലിശ വരവുകൾ, ലാഭവിഹിതം, ലാഭം എന്നിവ സാധാരണയായി അക്കൗണ്ട് ചെയ്യുന്നത് എവിടെ ആണ് ?

(A) കൺസോളിഡേറ്റഡ് ഫണ്ട്
(B) കണ്ടിൻജൻസി ഫണ്ട്
(C) പബ്ലിക് അക്കൗണ്ട്
(D) സാമൂഹിക ഉത്തരവാദിത്ത ഫണ്ട്

12. ചുവടെ ചേർത്തിരിക്കുന്നവയിൽ ഏതാണ് ശരിയായ പ്രസ്താവന ?

(A) വർഷാന്ത്യ അക്കൗണ്ട് ക്ലോസ് ചെയ്തതിനുശേഷം തെറ്റുകൾ ഏതു സമയത്തും തിരുത്താവുന്നതാണ്.
(B) വർഷാന്ത്യ അക്കൗണ്ട് ക്ലോസ് ചെയ്തതിനുശേഷം തെറ്റുകൾ തിരുത്താവുന്നതല്ല.
(C) വർഷാന്ത്യ അക്കൗണ്ട് ക്ലോസ് ചെയ്തതിനുശേഷം തെറ്റുകൾ ഏതു സമയത്തും തിരുത്താവുന്നതാണ് എന്നാൽ തെറ്റ് സംബന്ധമായ അനുയോജ്യമായ നോട്ട് കൂടി അവിടെ എഴുതേണ്ടതാണ്.
(D) ഇതൊന്നുമല്ല

13. ഇതര സർക്കാരുകളുമായും അക്കൗണ്ട് സർക്കിളുകളുമായുള്ള ഇടപാടുകൾ എവിടെ ആണ് വിവരിച്ചിരിക്കുന്നത് ?

(A) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ - അക്കൗണ്ട് കോഡ്
(B) ഇന്ത്യൻ ഗവൺമെന്റ് - അക്കൗണ്ട് ആന്റ് ഓഡിറ്റ് കോഡ്
(C) കേന്ദ്ര ട്രഷറി കോഡ്
(D) ഇതൊന്നുമല്ല

14. ട്രഷറിയിൽ എത്തുന്നതിനുമുമ്പ് ഒരു സർക്കാർ വകുപ്പിൽ നിന്ന് ഒരു തുക മോഷ്ടിക്കപ്പെട്ടാൽ, അത്തരം തുക ഏതു രീതിയിലാണ് പരിഗണിക്കുന്നത് ?

(A) സഞ്ചിത നിധിയിലോ പൊതു അക്കൗണ്ടിലോ അത് ഒരു വരവായി സ്വീകരിക്കുകയും അതെ സമയം ചെലവ് ഭാഗത്ത് ഒരു നഷ്ടമായി കാണിക്കുകയും ചെയ്യുന്നു.
(B) സഞ്ചിത നിധിയിലോ പൊതു അക്കൗണ്ടിലോ അത് ഒരു വരവായി കാണിക്കുന്നു.
(C) ചെലവ് ഭാഗത്ത് ഒരു നഷ്ടമായി കാണിക്കുന്നു
(D) ഇതൊന്നുമല്ല

15. കേന്ദ്ര സർക്കാരിൽ അന്യത്ര സേവനത്തിലുള്ള ഒരു സംസ്ഥാന സർക്കാർ ജീവനക്കാരന്റെ ആർജ്ജിതാവധി സറണ്ടർ ചെയ്യുമ്പോഴുള്ള അവധി ശമ്പളവും ഇതര ആനുകൂല്യങ്ങളും നൽകേണ്ടത് .............................. ന്റെ ബാധ്യതയാണ്.

(A) കേന്ദ്ര ഗവൺമെന്റ്
(B) സംസ്ഥാന ഗവൺമെന്റ്
(C) കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് ഒരുമിച്ച്
(D) അക്കൗണ്ടന്റ് ജനറൽ

16. പൊതുജനങ്ങളിൽ നിന്നുള്ള നികുതി, ചെറു സമ്പാദ്യങ്ങൾ, പി എഫ് തുടങ്ങിയവ രേഖപ്പെടുത്തി സൂക്ഷിക്കുന്നത് എവിടെ ആണ് ?
(A) കണ്ടിൻജൻസി ഫണ്ടിലും കൺകറന്റ് ഫണ്ടിലും
(B) കൺസോളിഡേറ്റഡ് ഫണ്ടിലും പബ്ലിക് അക്കൗണ്ടിലും
(C) പബ്ലിക് അക്കൗണ്ടിലും കണ്ടിൻജൻസി ഫണ്ടിലും
(D) കൺസോളിഡേറ്റഡ് ഫണ്ടിലും കണ്ടിൻജൻസി ഫണ്ടിലും

17. നിലവിലുള്ള ഏതെങ്കിലും ശീർഷകത്തിലെ മാറ്റത്തിനോ ഏതെങ്കിലും പുതിയ മേജർ ശീർഷകമോ മൈനർ ശീർഷകമോ കൂട്ടിച്ചേർക്കുന്നതിനോ നീക്കം ചെയ്യുന്നതിനോ ആരുടെ അനുമതി ആവശ്യമാണ് ?
(A) അക്കൗണ്ടന്റ് ജനറൽ
(B)കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ
(C) ധനകാര്യ വകുപ്പ്
(D) ട്രഷറി വകുപ്പ്

18. ഇന്ത്യാ ഗവൺമെന്റ് രൂപീകരിക്കുന്ന കമ്മിറ്റികളിലും കമ്മീഷനുകളിലും അംഗങ്ങളായി നിയമിക്കപ്പെടുന്ന സംസ്ഥാന ഗവൺമെന്റിലെ ഉദ്യോഗസ്ഥർക്ക് നൽകുന്ന യാത്രാബത്തയും ദൈനംദിന അലവൻസും നിയന്ത്രിക്കുന്നത് ഏത് ഗവൺമെന്റ് ചട്ടപ്രകാരം ആണ് ?
(A) സംസ്ഥാന ചട്ടം
(B) കേന്ദ്ര ചട്ടം
(C) (എ) യും (ബി) യും
(D) ഇതൊന്നുമല്ല

19. മേജർ ശീർഷകത്തിലെ നാലക്ക സംഖ്യ .......................................... കോഡാണ്.
(A) അറബിക്ക് സംഖ്യ
(B) ലാറ്റിൻ സംഖ്യ
(C) റോമൻ സംഖ്യ
(D) ഇൻഡോ-ഗ്രീക്ക് സംഖ്യ

20. പബ്ലിക് അക്കൗണ്ടുകളിലെ പ്രധാന ശീർഷകങ്ങളിലെ കോഡ് നമ്പർ ആരംഭിക്കുന്നത് താഴെ പറയുന്ന ഏത് കോഡ് നമ്പറിൽ നിന്നാണ് ?
(A) 6001
(B) 7001
(C) 8001
(D) 4001

21. ചുവടെ ചേർത്തിരിക്കുന്നവയിൽ ഏത് അനുച്ഛേദം ആണ് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലുമായി ബന്ധപ്പെട്ടിരിക്കുന്നത് ?
(A) 147
(B) 148
(C) 149
(D) 150

22. കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള നിയമനിർമാണ അധികാരങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഭരണഘടനാ വകുപ്പ് ഏതാണ് ?
(A) അനുച്ഛേദം 243
(B) അനുച്ഛേദം 244
(C) അനുച്ഛേദം 245
(D) അനുച്ഛേദം 246

23. ഇന്ത്യൻ ഭരണഘടനയുടെ ഏത് അനുച്ഛേദമാണ് ഇന്ത്യയുടെ ഭൂപ്രദേശത്ത് നിന്ന് പണം കടമെടുക്കാൻ സംസ്ഥാനത്തെ അനുവദിക്കുന്നത് ?
(A) അനുച്ഛേദം 291
(B) അനുച്ഛേദം 292
(C) അനുച്ഛേദം 293
(D) അനുച്ഛേദം 294

24. വാർഷിക ധനകാര്യ പത്രികയുടെ പൊതുവായ പേര് ഏതാണ് ?
(A) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്
(B) അസറ്റ് ആന്റ് ലയബിലിറ്റി സ്റ്റേറ്റ്മെന്റ്
(C) റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്
(D) ബജറ്റ്

25. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ശമ്പളം താഴെ പറയുന്നവരിൽ ആരുടെ ശമ്പളത്തിന് തുല്യമാണ് ?
(A) സുപ്രീം കോടതി ജഡ്ജി
(B) സുപ്രീം കോടതി ചീഫ് ജസ്റ്റിസ്
(C) ഹൈക്കോടതി ജഡ്ജി
(D) ഇവയൊന്നുമല്ല

26. ഗവൺമെന്റ് അക്കൗണ്ടിംഗിന്റെ പൊതുതത്ത്വങ്ങൾ സ്ഥാപിക്കുന്നതിനുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിനുള്ള അധികാരം താഴെ പറയുന്നതിൽ ഏതിൽ നിന്നാണ് ലഭിച്ചത് ?
(A) സെക്ഷൻ 10, സി & എ ജി (ഡിപിസി) ആക്ട് 1971
(B) സെക്ഷൻ 23, സി & എ ജി (ഡിപിസി) ആക്ട് 1971
(C) സെക്ഷൻ 25, സി & എ ജി (ഡിപിസി) ആക്ട് 1971
(D) സെക്ഷൻ 15, സി & എ ജി (ഡിപിസി) ആക്ട് 1971

27. ബജറ്റ്, അക്കൗണ്ട് - ഇവയുടെ ഘടന പരിഷ്കരിക്കുന്നതിനായി ഇന്ത്യാ ഗവൺമെന്റ് രൂപീകരിച്ച കമ്മിറ്റി ഏതാണ് ?
(A) ചാറ്റർജി കമ്മിറ്റി
(B) ഷൺമുഖം ചെട്ടി കമ്മിറ്റി
(C) ബിമൽ ജലാൻ കമ്മിറ്റി
(D) മുഖർജി കമ്മിറ്റി

28. നികുതി അസ്സസ്സ്മെന്റ് ഒരു .................................. ആണ്.
(A) അർദ്ധ ജുഡീഷ്യൽ നടപടി
(B) ജുഡീഷ്യൽ നടപടി
(C) അഡ്മിനിസ്ട്രേറ്റീവ് നടപടി
(D) സ്റ്റാറ്റ്യൂട്ടറി നടപടി

29. ഓഡിറ്റ് ബോർഡ് സ്ഥാപിതമായ വർഷം ഏതാണ് ?
(A) 1968
(B) 1969
(C) 1970
(D) 1971

30. എസ്റ്റിമേറ്റ് കമ്മിറ്റിയിൽ എത്ര അംഗങ്ങളുണ്ട് ?
(A) 34
(B) 30
(C) 38
(D) 39

31. ചുവടെ ചേർത്തിരിക്കുന്നവയിൽ ആരാണ് സംസ്ഥാനത്തിന്റെ ഫിനാൻസ് അക്കൗണ്ട് തയ്യാറാക്കുന്നത് ?
(A) സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്
(B) സംസ്ഥാന ധനകാര്യ വകുപ്പ്
(C) സ്റ്റേറ്റ് അക്കൗണ്ടന്റ് ജനറൽ
(D) സ്റ്റേറ്റ് ട്രഷറി ഡിപ്പാർട്ട്മെന്റ്

32. .................................... -നെ ആണ് പബ്ലിക് അക്കൗണ്ട്സ് ആന്റ് പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെ "സുഹൃത്ത്, തത്ത്വചിന്തകൻ, ഗൈഡ്" എന്ന പേരിൽ അറിയപ്പെടുന്നത് ?
(A) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ
(B) ലോകസഭാ സ്പീക്കർ
(C) രാജ്യസഭാ ചെയർമാൻ
(D) സി & എ ജി

**A**

33. സി & എ ജി യുടെ അവധി അപേക്ഷ അനുവദിക്കുന്നതിനോ നിരസിക്കുന്നതിനോ ഉള്ള അധികാരം ആരുടെ കൈകളിൽ നിക്ഷിപ്തമാണ് ?
   (A) ഇന്ത്യയുടെ പ്രധാനമന്ത്രി
   (B) ഇന്ത്യയുടെ പ്രസിഡന്റ്
   (C) ഇന്ത്യയുടെ വൈസ് പ്രസിഡന്റ്
   (D) ഇവയൊന്നുമല്ല

34. ഗവൺമെന്റ് അക്കൗണ്ടുകളുടെ മുഖ്യ ഭാഗവും .................................... അടിസ്ഥാനമാക്കിയിട്ടുള്ള സിംഗിൾ എൻട്രി സിസ്റ്റത്തിലാണ് സൂക്ഷിച്ചിരിക്കുന്നത്.
   (A) ക്രെഡിറ്റ് ബേസ്
   (B) ഡെബിറ്റ് ബേസ്
   (C) ക്യാഷ് ബേസ്
   (D) ഇവയൊന്നുമല്ല

35. പ്രതിമാസ സിവിൽ അക്കൗണ്ടുകളും വാർഷിക വിനിയോഗ അക്കൗണ്ടുകളും ഫിനാൻസ് അക്കൗണ്ടുകളും തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്തം ആർക്കാണ് ?
   (A) ഡയറക്ടർ, ട്രഷറി ഡിപ്പാർട്ട്മെന്റ്
   (B) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)
   (C) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ആന്റ് എൻടൈറ്റിൽമെന്റ്)
   (D) ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

36. റിസർവ് ബാങ്കോ, സർക്കാർ ബിസിനസ്സ് നടത്താൻ അധികാരമുള്ള അതിന്റെ ശാഖകളോ ഏജൻസികളോ ക്യാഷ് ബിസിനസ്സ് നടത്തുന്ന ഒരു ട്രഷറിയെ വിളിക്കുന്ന പേരാണ് ...................
   (A) കോർ ബാങ്കിംഗ് ട്രഷറി
   (B) നോൺ ബാങ്ക് ട്രഷറി
   (C) ബാങ്ക് ട്രഷറി
   (D) ഇവയൊന്നുമല്ല

37. സർക്കാർ അക്കൗണ്ടിൽ പരിപാലിക്കേണ്ട ഫോം നിർദ്ദേശിക്കാൻ ഭരണഘടനയുടെ ........................ ആർട്ടിക്കിൾ സി & എ ജി യെ അധികാരപ്പെടുത്തുന്നു.
   (A) ആർട്ടിക്കിൾ 152
   (B) ആർട്ടിക്കിൾ 151
   (C) ആർട്ടിക്കിൾ 150
   (D) ആർട്ടിക്കിൾ 153

38. ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ യാത്രാ അലവൻസ് ഏത് ശീർഷകത്തിൽ വരുന്നു ?
   (A) ചാർജ്ഡ് എക്സ്പെൻഡിച്ചർ
   (B) വോട്ടഡ് എക്സ്പെൻഡിച്ചർ
   (C) ഓവർഹെഡ് എക്സ്പെൻഡിച്ചർ
   (D) ഇവയൊന്നുമല്ല

39. പ്രവചനാതീതമോ അപ്രതീക്ഷിതമോ ആയ ചെലവുകൾ സാധാരണയായി താഴെ പറയുന്നവയിൽ ഏതിൽ നിന്നും നിറവേറ്റപ്പെടുന്നു.
   (A) കൺസോളിഡേറ്റഡ് ഫണ്ട്
   (B) കണ്ടിൻജൻസി ഫണ്ട്
   (C) പബ്ലിക് അക്കൗണ്ട്
   (D) റവന്യൂ അക്കൗണ്ട്

40. "ഓഡിറ്റ്" എന്ന പദം, ലാറ്റിൻ പദമായ "ഓഡിയർ" എന്നതിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്, അതിനർത്ഥം ........................................ ആണ്.
   (A) പരിശോധിക്കുക
   (B) സംസാരിക്കുക
   (C) കേൾക്കുക
   (D) അന്വേഷിക്കുക

41. "ഓഡിറ്റ് ഇല്ലാതെ, അക്കൗണ്ടബിലിറ്റി ഇല്ല, അക്കൗണ്ടബിലിറ്റി ഇല്ലാതെ, ഒരു നിയന്ത്രണവും ഇല്ല." ആരുടെ പ്രസ്താവനയാണ് ഇത്.
   (A) എം. നരസിംഹൻ
   (B) ഇ. എൽ. നോർമാന്റൻ
   (C) എൻ. കെ. സിംഗ്
   (D) കെ. സി. നിയോഗി

42. "സർക്കാർ ചെലവുകളുടെ കാവൽ നായ" എന്നറിയപ്പെടുന്ന കമ്മിറ്റി ഏത് ?
(A) ബിസിനസ് അഡ്വൈസറി കമ്മിറ്റി (B) എസ്റ്റിമേറ്റ് കമ്മിറ്റി
(C) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (D) കമ്മിറ്റി ഓൺ പബ്ലിക് അണ്ടർടേക്കിംഗ്

43. ചുവടെ ചേർത്തിരിക്കുന്നവയിൽ ഏതാണ് പാർലമെന്റിലെ ഏറ്റവും വലിയ കമ്മിറ്റി ?
(A) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (B) എസ്റ്റിമേറ്റ് കമ്മിറ്റി
(C) കമ്മിറ്റി ഓൺ പബ്ലിക് അണ്ടർടേക്കിംഗ് (D) നിവേദനങ്ങൾ സംബന്ധിച്ച കമ്മിറ്റി

44. ഇന്ത്യയുടെ ഇപ്പോഴത്തെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ആരാണ് ?
(A) വിനോദ് റായ് (B) എ. കെ. റോയ്
(C) എ. ബക്ഷി (D) ഗിരീഷ് ചന്ദ്ര മുർമു

45. ഒരു ധനകാര്യ ബിൽ നിയമസഭ പാസാക്കുമ്പോൾ, അത് ........................ ആയി മാറുന്നു.
(A) ബജറ്റ് (B) വാർഷിക ധനകാര്യപത്രിക
(C) വിനിയോഗം (D) ധനകാര്യ നിയമം

46. ഗവൺമെന്റിന്റെ പ്രതിദിന ക്യാഷ് ബാലൻസ്, അതിന്റെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമായ തലത്തിൽ നിലനിർത്തുന്നതിനുള്ള രീതികളെ സൂചിപ്പിക്കുന്ന വാക്കാണ് ....................
(A) ഡെയ്‌ലി ബാലൻസ് (B) മിനിമം ബാലൻസ്
(C) കറന്റ് ബാലൻസ് (D) നിവൃത്തി മാർഗ്ഗം

47. ചുവടെ ചേർത്തിരിക്കുന്ന ഒരു സംസ്ഥാനം ഒഴികെ മറ്റ് എല്ലാ സംസ്ഥാന സർക്കാരുകളുടെയും ബാങ്കറായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പ്രവർത്തിക്കുന്നു. ഏതാണ് ആ സംസ്ഥാനം ?
(A) അസം (B) സിക്കിം
(C) നാഗാലാൻഡ് (D) ത്രിപുര

48. ഇന്ത്യൻ നാണയ നിയമം, 1906-ലെ സെക്ഷൻ .............................. പ്രകാരം ആണ് ഇന്ത്യയിൽ നാണയങ്ങൾ അച്ചടിച്ചു വിതരണം ചെയ്യുന്നത് ?
(A) 17 (B) 15
(C) 16 (D) 14

49. ബാങ്ക് നോട്ടുകൾ അച്ചടിച്ചു വിതരണം ചെയ്യുന്നത് ആരാണ് ?
(A) ധനമന്ത്രാലയം (B) സാമ്പത്തിക കാര്യ മന്ത്രാലയം
(C) റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (D) ഇതൊന്നുമല്ല

50. ഇന്ത്യൻ ഭരണഘടനയിലെ ഏത് ആർട്ടിക്കിൾ ആണ് "ഫിനാൻസ് കമ്മീഷനെ" കുറിച്ച് പ്രതിപാദിക്കുന്നത് ?
(A) ആർട്ടിക്കിൾ 278 (B) ആർട്ടിക്കിൾ 279
(C) ആർട്ടിക്കിൾ 280 (D) ആർട്ടിക്കിൾ 281

51. ചുവടെ ചേർത്തിരിക്കുന്നവയിൽ ഏതാണ് ധനകാര്യ കമ്മീഷന്റെ പരിധിയിൽ നിന്ന് പുറത്തുള്ളത് ?
(A) ആർട്ടിക്കിൾ 282 പ്രകാരമുള്ള ഗ്രാന്റ് (B) ആർട്ടിക്കിൾ 275 പ്രകാരമുള്ള ഗ്രാന്റ്
(C) (എ), (ബി) എന്നിവ രണ്ടും (D) ഇതൊന്നുമല്ല

52. നിക്ഷേപങ്ങൾ, മുൻകൂറുകൾ, ഒടുക്കലുകൾ, സസ്പെൻസ് എന്നിവയുമായി ബന്ധപ്പെട്ട ഇടപാടുകൾ ........................... ലാണ് രേഖപ്പെടുത്തുന്നത്?

(A) കറന്റ് അക്കൗണ്ട്
(B) കണ്ടിൻജൻസി അക്കൗണ്ട്
(C) കൺസോളിഡേറ്റഡ് ഫണ്ട്
(D) പബ്ലിക് അക്കൗണ്ട്

53. ................................ ശീർഷകത്തിലാണ് കണ്ടിൻജൻസി ഫണ്ടുകളുമായി ബന്ധപ്പെട്ട ഇടപാടുകൾ രേഖപ്പെടുത്തുന്നത്.

(A) ഡബിൾ മേജർ ശീർഷകം
(B) സിംഗിൾ മേജർ ശീർഷകം
(C) സബ് ശീർഷകം
(D) സിംഗിൾ മൈനർ ശീർഷകം

54. ഇന്ത്യൻ ഓഡിറ്റ് ആന്റ് അക്കൗണ്ട്സ് ഡിപ്പാർട്ട്മെന്റിന്റെ പരമോന്നത ഓഫീസ് ഏതാണ്?

(A) പ്രസിഡന്റിന്റെ ഓഫീസ്
(B) ഓഫീസ് ഓഫ് ദി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ
(C) പ്രധാനമന്ത്രിയുടെ ഓഫീസ്
(D) സാമ്പത്തികകാര്യ മന്ത്രാലയത്തിന്റെ ഓഫീസ്

55. ചുവടെ ചേർത്തിരിക്കുന്നവയിൽ ഏതാണ് അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് & എൻടൈറ്റിൽമെന്റ്) ന്റെ ഉത്തരവാദിത്തമല്ലാത്തത്?

(A) സംസ്ഥാനങ്ങളിലെ ഗസറ്റഡ് ജീവനക്കാർക്ക് ശമ്പളത്തിന് അംഗീകാരം
(B) സംസ്ഥാനത്തിന്റെ സിവിൽ, വാണിജ്യ, റവന്യൂ ഇടപാടുകളുമായി ബന്ധപ്പെട്ട വാർഷിക ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കൽ
(C) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷനും മറ്റ് റിട്ടയർമെന്റ് ആനുകൂല്യങ്ങളുടെയും അംഗീകാരം
(D) പ്രതിമാസ സിവിൽ അക്കൗണ്ടുകളും വാർഷിക വിനിയോഗ അക്കൗണ്ടും ഫിനാൻസ് അക്കൗണ്ടും തയ്യാറാക്കൽ

56. ജില്ലയിലെ സർക്കാർ സാമ്പത്തിക ഇടപാടിന്റെ പ്രാഥമിക രേഖയുടെ അടിസ്ഥാന യൂണിറ്റ് (ഫോക്കൽ പോയിന്റ്) ......................... ആണ്.

(A) സബ് ട്രഷറി
(B) സ്റ്റേറ്റ് ട്രഷറി
(C) ജില്ലാ ട്രഷറി
(D) ഡയറക്ടറേറ്റ്, ട്രഷറി വകുപ്പ്

57. ചുവടെ ചേർത്തിരിക്കുന്നവയിൽ ഏതാണ് ട്രഷറിയുടെ ധർമ്മമല്ലാത്തത്?

(A) പൊതുജനങ്ങളിൽ നിന്നും വകുപ്പുദ്യോഗസ്ഥരിൽ നിന്നും പണം കൈപ്പറ്റി ഗവൺമെന്റിലേയ്ക്ക് ഒടുക്കുവരുത്തുക
(B) ട്രഷറികളിൽ തങ്ങളുടെ ഫണ്ടുകൾ സൂക്ഷിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ പരിഷത്തുകൾ, പഞ്ചായത്ത് സ്ഥാപനങ്ങൾ മുതലായവയുടെ ഫണ്ടുമായി ബന്ധപ്പെട്ട് ഒരു ബാങ്കറായി പ്രവർത്തിക്കൽ
(C) സ്ട്രോംഗ് റൂം സൗകര്യം ഉള്ളതിനാൽ ഓപിയത്തിന്റെയും മറ്റ് വിലപിടിപ്പുള്ളവയുടെയും സംരക്ഷണം
(D) ജീവനക്കാരുടെ പെൻഷനും മറ്റ് റിട്ടയർമെന്റ് ആനുകൂല്യങ്ങളും അംഗീകരിക്കൽ

58. ഇനിപ്പറയുന്നവയിൽ ഏതാണ് സാമ്പത്തിക നിയന്ത്രണത്തിനുള്ള ഒരു ഉപകരണമല്ലാത്തത് ?

(A) ഓഡിറ്റിംഗ്
(B) ബജറ്റിംഗ്
(C) ധനസഹായം
(D) ഇന്റേണൽ ചെക്കിംഗ്

59. എക്സിക്യൂട്ടീവ് നടപടിയുടെ ഔചിത്യം, ക്രമരഹിതമായ ചെലവ്, പൊതുപണം അല്ലെങ്കിൽ സ്റ്റോർ മുതലായവ പാഴാക്കുന്നത് എന്നിവയുടെ പരിശോധനയെ വിളിക്കുന്നത് ?

(A) ഔചിത്യ ഓഡിറ്റ്
(B) ധനകാര്യ ഓഡിറ്റ്
(C) ക്രമക്കേട് ഓഡിറ്റ്
(D) ഇവയൊന്നുമല്ല

60. ഓഡിറ്റിന്റെ മൂന്ന് "ഇ" - കളിൽ ഇനിപ്പറയുന്നവയിൽ ഏതാണ് ഉൾപ്പെടുത്താത്തത് ?

(A) മിതവ്യയത്വം
(B) കാര്യക്ഷമത
(C) ഫലപ്രാപ്തി
(D) ഇക്കണോമെട്രിക്

61. ഇനിപ്പറയുന്നവയിൽ ഏതാണ് "പ്രത്യക്ഷ നികുതി" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ?

(A) ആദായനികുതി
(B) കസ്റ്റംസ് തീരുവ
(C) സ്റ്റാമ്പ് ഡ്യൂട്ടി
(D) വിനോദ നികുതി

62. "മോഡ് വാറ്റ് സ്കീം" നിലവിൽ വന്ന വർഷം ?

(A) 1984
(B) 1985
(C) 1986
(D) 1987

63. ............................... ഗവൺമെന്റിന്റെ വായ്പയ്ക്കോ കടംവീട്ടലിനോ ആയി പതിവായി രൂപീകരിക്കപ്പെടുന്നു.

(A) റിഡംപ്ഷൻ ഫണ്ട്
(B) സിങ്കിംഗ് ഫണ്ട്
(C) കോർപ്പസ് ഫണ്ട്
(D) ജനറൽ ഫണ്ട്

64. ഒരു ഓഫീസിന്റെ ഭരണപരമായ ഉദ്ദേശ്യത്തിന് ആവശ്യമായ സ്റ്റേഷനറി ഫർണിച്ചറുകൾ, ഓഫീസ് ഉപകരണങ്ങൾ മുതലായവ ................................. - ൽ ഉൾപ്പെടുന്നു.

(A) പ്രൈസ് ആർട്ടിക്കിൾ
(B) അൺ പ്രൈസ്ഡ് ആർട്ടിക്കിൾ
(C) ജനറൽ ആർട്ടിക്കിൾ
(D) നോൺ ജനറൽ ആർട്ടിക്കിൾ

65. 1971 - ലെ നിയമപ്രകാരമുള്ള (സി & എ ജി-യുടെ ഡ്യൂട്ടി, അധികാരങ്ങളും സേവന നിബന്ധനകളും നിയമം) ഓഡിറ്റിന്റെ വ്യാപ്തിയും പരിധിയും .......................... ആണ് നിർണ്ണയിക്കുന്നത്.

(A) പ്രസിഡന്റ്
(B) പ്രധാനമന്ത്രി
(C) സി & എ ജി
(D) ധനകാര്യ മന്ത്രാലയം

66. സി & എ ജി യുടെ കാലാവധി ............................... ആണ്.

(A) 6 വർഷം അല്ലെങ്കിൽ 65 വയസ്സോ ഏതാണോ ആദ്യം അത്
(B) 6 വർഷം അല്ലെങ്കിൽ 62 വയസ്സോ ഏതാണോ ആദ്യം അത്
(C) 5 വർഷം അല്ലെങ്കിൽ 65 വയസ്സോ ഏതാണോ ആദ്യം അത്
(D) 5 വർഷം അല്ലെങ്കിൽ 62 വയസ്സോ ഏതാണോ ആദ്യം അത്

67. ഇന്ത്യയിലെയോ ഏതെങ്കിലും സംസ്ഥാനത്തെയോ ട്രഷറി ഉൾപ്പെടെയുള്ള ഏത് അക്കൗണ്ട് ഓഫീസുകളും പരിശോധിക്കുവാനുള്ള അധികാരം ............................ – ന് ആണ്.

(A) പ്രസിഡന്റ്
(B) വൈസ് പ്രസിഡന്റ്
(C) ചെയർമാൻ – ഫിനാൻസ് കമ്മീഷൻ
(D) സി & എ ജി

68. 1936 – ലെ ഓഡിറ്റ് ആന്റ് അക്കൗണ്ട് ഓർഡർ – ഖണ്ഡിക 12 പ്രകാരം പൊതു ധനകാര്യ പത്രിക സി ആന്റ് എ ജി ആർക്കാണ് സമർപ്പിക്കുന്നത് ?

(A) പ്രധാനമന്ത്രി
(B) സുപ്രീംകോടതി
(C) ധനകാര്യ മന്ത്രാലയം
(D) പ്രസിഡന്റ്

69. ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനത്തിൽ/ഓഫീസിൽ ഏതാണ് സി ആന്റ് എ ജി ഓഡിറ്റ് ബാധകമല്ലാത്തത് ?

(A) ഓയിൽ ആന്റ് നാച്ചുറൽ ഗ്യാസ് കോർപ്പറേഷൻ (ഒ എൻ ജി സി)
(B) സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി)
(C) പെൻഷൻ ഫണ്ട് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി (പി എഫ് ആർ ഡി എ)
(D) റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർ ബി ഐ)

70. ഭരണഘടനയുടെ അനുച്ഛേദം 151 സൂചിപ്പിക്കുന്നത് എന്താണ് ?

(A) സി ആന്റ് എ ജി-യുടെ കടമകളും അധികാരങ്ങളും
(B) ഓഡിറ്റ് ഫോമുകൾ
(C) ഓഡിറ്റ് റിപ്പോർട്ട്
(D) ഇവയൊന്നുമല്ല

71. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയെ നീക്കം ചെയ്യുന്നത് താഴെ പറയുന്ന ആരെ നീക്കം ചെയ്യുന്ന അതെ രീതിയിലും അതെ കാരണത്താലും ആണ് ?

(A) ഹൈക്കോടതിയിലെ ജഡ്ജിമാർ
(B) സുപ്രീം കോടതി ചീഫ് ജസ്റ്റിസ്
(C) സുപ്രീം കോടതി ജഡ്ജിമാർ
(D) ഇവയൊന്നുമല്ല

72. പ്രൊവിഡന്റ് ഫണ്ടിന്റെ വാർഷിക സ്റ്റേറ്റ്മെന്റ് അതിന്റെ വരിക്കാരായ ജീവനക്കാർക്ക് .................................. തീയതിയിലോ അതിനുമുമ്പോ നൽകിയിരിക്കണം.

(A) മേയ് 31
(B) ജൂലൈ 31
(C) മാർച്ച് 31
(D) ആഗസ്റ്റ് 31

73. ഒരു പ്രധാന ശീർഷകത്തിന്റെ ആദ്യ അക്കം സൂചിപ്പിക്കുന്നത് ആ പ്രധാന ശീർഷകവുമായി ബന്ധപ്പെട്ട ................................. – നെ ആണ്.

(A) സെക്ഷൻ
(B) ഫങ്ഷൻ
(C) സബ് ഹെഡ്
(D) ഇവയൊന്നുമല്ല

74. നിയമസഭയുടെ വോട്ടിന് വിധേയമാകാത്ത ചെലവിനെ ................................. എന്നു വിളിക്കുന്നു.

(A) ചാർജ്ഡ് എക്സ്പെൻഡിച്ചർ
(B) വോട്ടഡ് എക്സ്പെൻഡിച്ചർ
(C) കറന്റ് എക്സ്പെൻഡിച്ചർ
(D) ലെജിസ്ലേറ്റീവ് എക്സ്പെൻഡിച്ചർ

75. സി & എ ജി യുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന പ്രസ്താവനകളിൽ ഏതാണ് ശരി ?
   (A) സി ആന്റ് എ ജി-ക്ക് ഇന്ത്യാ ഗവൺമെന്റിന് കീഴിലോ ഏതെങ്കിലും സംസ്ഥാന സർക്കാരുകളുടെ കീഴിലോ തുടർ പദവികൾക്ക് അർഹത ഉണ്ടായിരിക്കില്ല
   (B) ശമ്പളവും അലവൻസും പെൻഷനും ഉൾപ്പെടെ സി ആന്റ് എ ജി-യുടെ അഡ്മിനിസ്ട്രേറ്റീവ് ചെലവ് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നാണ്
   (C) (എ) യും (ബി) യും
   (D) (എ) യും (ബി) യും അല്ല

76. സർക്കാർ ജീവനക്കാരന്റെ സർവീസ് ബുക്ക് ................................ വർഷത്തിലൊരിക്കൽ പരിശോധിക്കേണ്ടതാണ്.
   (A) 4 വർഷം
   (B) 5 വർഷം
   (C) 3 വർഷം
   (D) 2 വർഷം

77. നിയമത്തിന്റെ വ്യാഖ്യാനം ഒരു .................................... ഫങ്ഷൻ ആണ്.
   (A) അഡ്മിനിസ്ട്രേറ്റീവ് ഫങ്ഷൻ
   (B) ജുഡീഷ്യൽ ഫങ്ഷൻ
   (C) ലെജിസ്ലേറ്റീവ് ഫങ്ഷൻ
   (D) എക്സിക്യൂട്ടീവ് ഫങ്ഷൻ

78. ജേണലിന്റെയും ലെഡ്ജറിന്റെയും തയ്യാറാക്കൽ .................................. - ന്റെ ഭാഗമാണ്.
   (A) സിംഗിൾ എൻട്രി സിസ്റ്റം
   (B) ഡബിൾ എൻട്രി സിസ്റ്റം
   (C) (എ) യും (ബി) യും
   (D) (എ) യും (ബി) യും അല്ല

79. ഗവൺമെന്റ് അക്കൗണ്ടിന്റെ ഭാഗം രണ്ട് .................................. - നെ ആണ് സൂചിപ്പിക്കുന്നത്.
   (A) കണ്ടിൻജൻസി ഫണ്ട്
   (B) കൺസോളിഡേറ്റഡ് ഫണ്ട്
   (C) പബ്ലിക് അക്കൗണ്ട്
   (D) റവന്യൂ അക്കൗണ്ട്

80. അക്കൗണ്ടുകളിലെ വർഗ്ഗീകരണത്തിന്റെ ഒരു യൂണിറ്റ് അല്ലാത്തത് ഏതാണ് ?
   (A) മേജർ ഹെഡ്
   (B) ഡീറ്റെയിൽഡ് ഹെഡ്
   (C) മൈനർ ഹെഡ്
   (D) ഡീറ്റെയിൽഡ് മൈനർ ഹെഡ്

81. ഗസറ്റഡ് ജീവനക്കാരുടെ സേവന വിശദാംശങ്ങൾ സൂക്ഷിക്കുകയും അപ്ഡേറ്റ് ചെയ്യുകയും ചെയ്യുന്നത് .................................... ആണ്.
   (A) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ആന്റ് എൻടൈറ്റിൽമെന്റ്)
   (B) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)
   (C) വകുപ്പ് മേധാവി
   (D) ബന്ധപ്പെട്ട ഓഫീസ്

82. ഗവൺമെന്റ് അക്കൗണ്ടുകൾ എത്ര ഭാഗങ്ങളായാണ് സൂക്ഷിക്കുന്നത് ?
   (A) ഒന്ന്
   (B) രണ്ട്
   (C) മൂന്ന്
   (D) അഞ്ച്

83. താഴെപ്പറയുന്നവയിൽ ഏതാണ് 'ഇന്റേണൽ ചെക്ക്' എന്ന വിഭാഗത്തിൽ വരാത്തത് ?
   (A) പെറ്റി ക്യാഷ് വൗച്ചറുകളുടെ ആനുകാലിക പരിശോധന
   (B) ബാങ്ക്/ട്രഷറി പാസ് ബുക്കുമായി ക്യാഷ് ബുക്കിന്റെ ഇടയ്ക്കിടെയുള്ള ബാലൻസിംഗ്
   (C) സ്റ്റോക്ക് വെരിഫിക്കേഷൻ
   (D) ശമ്പള ബില്ലുകൾ തയ്യാറാക്കൽ

84. ഫിനാൻസ് അക്കൗണ്ടുകൾ സാധാരണയായി തയ്യാറാക്കുന്നത് .......................... ഭാഗങ്ങളിലായാണ്.

(A) ഒന്ന് (B) രണ്ട്
(C) മൂന്ന് (D) നാല്

85. താഴെപറയുന്നവയിൽ ഏറ്റവും അവസാനം രൂപീകരിച്ച ഫിനാൻഷ്യൽ കമ്മിറ്റി ഏതാണ് ?

(A) എക്സ്പെൻഡിച്ചർ കമ്മിറ്റി (B) എസ്റ്റിമേറ്റ് കമ്മിറ്റി
(C) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (D) പബ്ലിക് അണ്ടർട്ടേക്കിങ് കമ്മിറ്റി

86. മോഡ് വാറ്റ് താഴെപറയുന്നവയിൽ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു.

(A) എക്സൈസ് ഡ്യൂട്ടി (B) സ്വത്ത് നികുതി
(C) വിൽപന നികുതി (D) വരുമാന നികുതി

87. കണ്ടിൻജൻസി ഫണ്ടിന്റെ എല്ലാ ഇടപാടുകളും ............................ ലാണ് രേഖപ്പെടുത്തുന്നത്.

(A) സിംഗിൾ മേജർ ഹെഡ് (B) സബ് ഹെഡ്
(C) മൈനർ ഹെഡ് (D) ഇവയൊന്നും അല്ല

88. സംസ്ഥാനത്തിന് പ്ലാൻ ഗ്രാന്റുകൾ അനുവദിക്കുന്നതിന് ഇന്ത്യാ ഗവൺമെന്റിന് അധികാരം നൽകുന്ന ആർട്ടിക്കിൾ ഏതാണ് ?

(A) ആർട്ടിക്കിൾ 289 (B) ആർട്ടിക്കിൾ 282
(C) ആർട്ടിക്കിൾ 285 (D) ആർട്ടിക്കിൾ 290

89. സാമ്പത്തിക സ്ഥിതിയെ സൂചിപ്പിക്കുന്ന ധനകാര്യ പത്രിക ഏത് ?

(A) ട്രേഡിംഗ് പ്രോഫിറ്റ് ആന്റ് ലോസ് അക്കൗണ്ട്
(B) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്
(C) ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ്
(D) ബാലൻസ് ഷീറ്റ്

90. താഴെപ്പറയുന്നവയിൽ ഏതാണ് വാണിജ്യ വകുപ്പ് ?

(A) സർവ്വേ വകുപ്പ് (B) ആരോഗ്യ വകുപ്പ്
(C) പോലീസ് വകുപ്പ് (D) സംസ്ഥാന ജലഗതാഗത വകുപ്പ്

91. അനുവദിച്ചിട്ടുള്ള പി എഫ് നമ്പർ, പേരിന്റെ വിശദാംശങ്ങൾ, പി എഫ് വരിക്കാരുടെ പദവി എന്നിവ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ ഏതാണ് ?

(A) പി എഫ് രജിസ്റ്റർ (B) കോൺട്രിബ്യൂട്ടറി പി എഫ് രജിസ്റ്റർ
(C) പി എഫ് എൻടൈറ്റിൽമെന്റ് (D) ജനറൽ ഇൻഡക്സ് രജിസ്റ്റർ

92. പെൻഷൻ പെയ്മെന്റ് ഓർഡർ ജീവനക്കാരൻ വിരമിക്കാൻ പോകുന്ന തീയതിയ്ക്ക് ...................... മുൻപ് അനുവദിക്കാൻ പാടില്ല.

(A) രണ്ടാഴ്ച (B) ഒരാഴ്ച
(C) ഒരു മാസം (D) ഇവയൊന്നും അല്ല

93. കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ, ഭാഗികമായി കേന്ദ്ര സർക്കാരും ഭാഗികമായി ഒന്നോ അതിലധികമോ സംസ്ഥാന സർക്കാരും ഒരു കമ്പനിയുടെ പെയ്ഡ് അപ്പ് മൂലധനത്തിന്റെ 51 ശതമാനത്തിൽ കുറയാത്ത ഓഹരി കൈവശം വയ്ക്കുകയാണെങ്കിൽ ആ കമ്പനിയെ വിളിക്കുന്ന പേരാണ് ?

(A) അമാൽഗമേറ്റഡ് കമ്പനി (B) ഗവൺമെന്റ് കമ്പനി
(C) കോർപ്പറേറ്റ് കമ്പനി (D) ഇവയൊന്നുമല്ല

94. കേരള അക്കൗണ്ട് കോഡിൽ പരാമർശിച്ചിരിക്കുന്ന "ഗവൺമെന്റ് " എന്നതിന്റെ വിശദീകരണം ?
   (A) കേന്ദ്ര സർക്കാർ
   (B) സംസ്ഥാന സർക്കാർ
   (C) തദ്ദേശ സ്വയംഭരണ സ്ഥാപനം
   (D) കേന്ദ്ര സർക്കാർ അല്ലെങ്കിൽ സംസ്ഥാന സർക്കാർ അല്ലെങ്കിൽ രണ്ടും, സന്ദർഭം സൂചിപ്പിക്കുന്നത് പോലെ

95. പ്രതിരോധ മേഖലയുടെ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് .................................. ആണ്.
   (A) ഫിനാൻസ് മാനേജർ (പ്രതിരോധം)
   (B) കൺട്രോളർ (പ്രതിരോധം)
   (C) ജനറൽ (പ്രതിരോധം)
   (D) ഫിനാൻഷ്യൽ അഡ്വൈസർ (പ്രതിരോധം)

96. ഓരോ ട്രഷറിയും ഇടയ്ക്കിടെ പരിശോധിക്കുന്നതിന് ആരെയാണ് അക്കൗണ്ടന്റ് ജനറൽ നിയോഗിക്കുന്നത് ?
   (A) നോൺ ഗസറ്റഡ് ഓഫീസർ
   (B) ഗസറ്റഡ് ഓഫീസർ
   (C) ചാർട്ടേർഡ് അക്കൗണ്ടന്റ്
   (D) ഇവയൊന്നുമല്ല

97. എസ്റ്റിമേറ്റ് കമ്മിറ്റി രൂപീകൃതമായ വർഷം ?
   (A) 1953
   (B) 1951
   (C) 1952
   (D) 1950

98. ഒരു ട്രഷറിയിൽ കള്ളനോട്ടുകളോ നാണയങ്ങളോ ലഭിക്കുമ്പോൾ അവ എങ്ങനെ രേഖപ്പെടുത്തുന്നു ?
   (A) പണനഷ്ടം
   (B) ക്യാഷ് രസീത്
   (C) പണച്ചെലവ്
   (D) ഇവയൊന്നുമല്ല

99. സർക്കാർ ജീവനക്കാരന്റെ ട്രാൻസിറ്റ് വേതനം ബോറോയിങ് വകുപ്പിൽ ........................ ചെയ്യുന്നു.
   (A) ഡെബിറ്റ്
   (B) ക്രെഡിറ്റ്
   (C) ഡെബിറ്റും ക്രെഡിറ്റും
   (D) ഇവയൊന്നുമല്ല

100. ചാർട്ടേർഡ് അക്കൗണ്ടന്റാൽ ചെയ്യപ്പെടുന്ന ഓഡിറ്റ് .................................. ഉം .............................. ഉം ഓഡിറ്റ് ആണ് ?
   (A) അക്കൗണ്ടൻസി ഓഡിറ്റ്, പ്രൊപ്രൈറ്ററി ഓഡിറ്റ്
   (B) ടെസ്റ്റ് ഓഡിറ്റ്, അപ്രോപ്രിയേഷൻ ഓഡിറ്റ്
   (C) റെഗുലാരിറ്റി ഓഡിറ്റ്, പ്രൊപ്രൈറ്ററി ഓഡിറ്റ്
   (D) അക്കൗണ്ടൻസി ഓഡിറ്റ്, റെഗുലാരിറ്റി ഓഡിറ്റ്

**SPACE FOR ROUGH WORK**

**SPACE FOR ROUGH WORK**